# റമദാൻ സമാഗതമായി

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ( البقرة١٨٣)

(വിശ്വസിച്ചവരേ, നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങളുടെ മുമ്പുണ്ടായിരുന്നവർക്ക് നിർബന്ധമാക്കിയിരുന്ന പോലെത്തന്നെ. നിങ്ങൾ ഭക്തിയുള്ളവരാകാൻ.

قال النبي صلى الله عليه وسلم للصائم فرحتان: فرحة عند إفطاره، وفرحة عند لقاء ربه (كنز العمال)

(നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. നോമ്പ് തുറക്കുന്ന അവസരത്തിൽ ഒരു സന്തോഷം, തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുന്ന അവസരത്തിൽ ഒരു സന്തോഷം)

قال النبي صلى الله عليه وسلم من صام رمضان إيماناً واحتساباً غفر له ما تقدم من ذنبه (متفق عليه)

(റമദാനിൽ വിശ്വാസത്തോടു കൂടിയും പ്രതിഫലേച്ഛയോടു കൂടിയും ആരാണോ നോമ്പനുഷ്ഠിക്കുന്നത് അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ അക്കാരണത്താൽ പൊറുക്കപ്പെടും)

النبي صلى الله عليه وسلم قال إن في الجنة باباً يقال له الريان يدخل منه الصائمون, فإذا دخلوا أغلق فلم يدخل منه أحدٌ

(സ്വർഗത്തിൽ റയ്യാൻ എന്നറിയപ്പെടുന്ന ഒരു കവാടമുണ്ട്. അതിലൂടെയാണ് നോമ്പുകാർ കടന്നു ചെല്ലുന്നത്. അവർ കടന്നു കഴിഞ്ഞാൽ അത് അടക്കപ്പെടും. അതിലൂടെ പിന്നീട് ആരും പ്രവേശിക്കുകയില്ല)

<u>നീണ്ട കാത്തിരുപ്പിന് ശേഷം പുണ്യമാസം വന്നെത്തിയിരിക്കുന്നു.</u>

أتاك شهرُ السَّعدِ والمَكرُماتِ　　　فحيِّهِ في أجملِ الذِّكـــرَيــاتِ

يا مَوسِمَ الغُفرانِ أَتْحَـــفْتَـنا　　　أنت المُنَى يا زمنَ الصّالِحاتِ

(സന്തോഷത്തിന്റെയും ആദരവിന്റെയും മാസം വന്നണഞ്ഞു. മധുര മനോഹര ഓർമകളിൽ അതിന് അഭിവാദ്യമർപ്പിക്കുക. പാപമോചനത്തിന്റെ മാസമേ, നീ ഞങ്ങൾക്ക് ഉപഹാരങ്ങൾ നൽകി. സുകൃതരുടെ കാലമേ, നീ ഒരു അഭിലാഷമാണ്)

<u>ഇത് പ്രതീക്ഷകളുടെ മാസമാണ്. അതിനാൽ നാം അല്ലാഹുവിന്റെ കരുണ പ്രതീക്ഷിക്കുന്നു.</u>

إِنَّ رَحْمَتَ اللَّهِ قَرِيبٌ مِنَ الْمُحْسِنِينَ ( الأعراف٥٦)

(നിശ്ചയമായും സൽകർമകാരികൾക്ക് അല്ലാഹുവിന്റെ അനുഗ്രഹം ആസന്നമായിരിക്കുന്നു)

റമദാൻ ശുദ്ധമായ പശ്ചാത്താപം കൊണ്ട് പാപിയുടെ പാപം കഴുകുന്നു. നരകത്തിൽ നിന്നുള്ള മോചനത്തിന്റെ മാസമാണെന്ന് വിളിച്ചുപറയുന്നു. ദേഹേഛകളെയും പൈശാചികതകളെയും ദുർബലപ്പെടുത്തി ആത്മാവിനെ തെളിച്ചമുള്ളതാക്കുന്നു. വിശപ്പു കൊണ്ട് പൊറുതിമുട്ടിയവരെ സംബന്ധിച്ച് വിശ്വാസിയെ ഓർമിപ്പിക്കുന്നു. മനശ്ശാന്തി നൽകുന്നു.

ആരാധനകളോടും അനുസരണയോടും താത്പര്യമുണ്ടാകുകയും മനസ്സും ശരീരവും അതിന് പാകപ്പെടുകയും ചെയ്യുന്നു. ഇബ്നുൽ ഖയ്യിം(റ) പറയുന്നു: <u>“പലതരം ആരാധനകൾ വർദ്ധിപ്പിക്കുന്നത് നബി തിരുമേനിയുടെ ചര്യയായിരുന്നു. റമദാനിൽ നബി തിരുമേനി ജിബ്രീൽ(അ)മിനോടൊപ്പം ഖുർആൻ പഠിച്ചിരുന്നു. ജിബ്രീലിനെ സന്ധിച്ചു കഴിഞ്ഞാൽ വീശിയടിക്കുന്ന കാറ്റിനേക്കാൾ ഉദാരനായിരുന്നു തിരുമേനി. ജനങ്ങളിൽ ഏറ്റവും ഉദാരനായിരുന്ന അദ്ദേഹം ഏറ്റവും കൂടുതൽ ഉദാരത കാണിച്ചിരുന്നത് റമദാനിലായിരുന്നു.”</u>

**<u>നോമ്പ് നമ്മെ സംസ്കരിക്കുന്നത് എങ്ങനെ?</u>**

يا صائما تَرَكَ الطعامَ تعَفُّـــفًا　　　أضْحَى رفيقَ الجُوعِ واللَّواءِ

أبشِرْ بَعيدَكَ في القِيامةِ رحمةً　　　مَحْفُــوفةً بالبِـــرِّ والأنــداء

(പാതിവ്യത്യം പുലർത്തി ഭക്ഷണം ഉപേക്ഷിക്കുകയും വിശപ്പിനെയും വയറുവേദനയേയും ആത്മമിത്രമാക്കിയ നോമ്പുകാരാ, സന്തോഷിക്കൂ പരലോകത്തിൽ നന്മയാലും ഉദാരതയാലും പൊതിയപ്പെട്ട അനുഗ്രഹത്തിലാണ് നീ)

രണ്ട് റമദാനുകൾക്കിടയിലുള്ള വൻപാപങ്ങൾ ഒഴികെയുള്ള പാപങ്ങൾ വരാനിരിക്കുന്ന റമദാൻ പരിഹരിക്കുന്നു. ജീവിതത്തിലെ സുകൃതങ്ങൾ അളന്നു നോക്കാനായി അല്ലാഹുവിനെ എത്രകണ്ട് അനുസരിച്ചു എന്ന് വിലയിരുത്തുക.

**ചില റമദാൻ കർമങ്ങൾ ഇതാ**

നബി തിരുമേനി (സ) അത്താഴം കഴിക്കാൻ പ്രേരിപ്പിക്കുന്നു. സ്വഹീഹായ നിവേദനം.

تَسَحَّروا فإنَّ في السَّحورِ بَرَكَة (നിങ്ങൾ അത്താഴം കഴിക്കൂ, അത്താഴത്തിൽ ബറകത്തുണ്ട്)

**ധൃതിയിൽ നോമ്പ് തുറക്കണമെന്നും** നബി (സ) കൽപിക്കുന്നു. **മഗ്‌രിബ് നമസ്കരിക്കുന്നതിന് മുമ്പുതന്നെ നോമ്പ് തുറക്കണമെന്ന്** ഇബ്നുൽ ഖയ്യിം സാദുൽ മആദിൽ അഭിപ്രായപ്പെടുന്നു.

റമദാനിൽ യാത്രകളിൽ ചില സന്ദർഭങ്ങളിൽ നോമ്പെടുക്കുകയും മറ്റു ചില സന്ദർഭങ്ങളിൽ നോമ്പുപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. റമദാനിൽ വിശുദ്ധ യുദ്ധത്തിലും പ്രബോധന പ്രവർത്തനങ്ങളിലും മുഴുകാറുണ്ടായിരുന്നു. ബദ്ർ യുദ്ധം റമദാനിലായിരുന്നു. റമദാന്റെ അവസാനത്തെ പത്തിൽ നബി തിരുമേനി(സ) ഇഅ്തികാഫ് അനുഷ്ഠിക്കുമായിരുന്നു.

<u>നോമ്പിന്റെ പിന്നിൽ പല ഉദ്ദേശങ്ങളും മഹത്തായ തത്വങ്ങളും അടങ്ങിയിരിക്കുന്നു.</u> ശാരീരകേച്ഛയെ അത് ദുർബലപ്പെടുത്തുന്നു, മറ്റുള്ളവരെ സംബന്ധിച്ചുള്ള ഓർമയുണ്ടാക്കുന്നു, മനസ്സിനെ സംസ്കരിക്കുന്നു, ശരീരത്തെ പരിപോഷിപ്പിക്കുന്നു, കണ്ണിനെ നിയന്ത്രിക്കുന്നു, അവയവങ്ങളെ നിയന്ത്രിക്കുന്നു. കാരണം നോമ്പ് അല്ലാഹുവിനും അടിമക്കും ഇടയിലെ രഹസ്യമാണ്. സഹീഹായ നിവേദനത്തിൽ അല്ലാഹു പറയുന്നു. قَالَ اللَّهُ: كُلُّ عَمَلِ ابْنِ آدَمَ لَهُ إِلاَّ الصِّيَامَ، فَإِنَّهُ لِي وَأَنَا أَجْزِي بِهِ،
(ആദം സന്തതികളുടെ എല്ലാ കർമങ്ങളും അവനു വേണ്ടിയുള്ളതാണ്, നോമ്പൊഴികെ. അത് എനിക്കുള്ളതാണ്, ഞാനാണ് അതിന്റെ പ്രതിഫലം നൽകുന്നത്)

റമദാനിൽ നന്മകൾ ചെയ്യുക. ചെലവഴിക്കുക. എന്താണ് ചെലവഴിക്കേണ്ടത്

وَمَا تُقَدِّمُوا لِأَنْفُسِكُمْ مِنْ خَيْرٍ تَجِدُوهُ عِنْدَ اللَّهِ إِنَّ اللَّهَ بِمَا تَعْمَلُونَ بَصِيرٌ (البقرة ١١٠)

(നിങ്ങൾ നിങ്ങൾക്കായി മുന്നോട്ടു വെയ്ക്കുന്നതിനെ അല്ലാഹുവിനു മുമ്പിൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്. നിങ്ങൾ ചെയ്യുന്നത് അല്ലാഹു കാണുന്നുണ്ട്)

വിശന്നവനെ ഊട്ടാനും ആവശ്യക്കാരന്റെ പട്ടിണി മാറ്റാനും നോമ്പ് നോമ്പുകാരനെ ക്ഷണിക്കുന്നു. കിടന്നുറങ്ങാൻ കൂരയില്ലാത്തവനും ഒരു പാത്രം ചോറോ കറിയോ ലഭിക്കാത്തവനും ഇന്നുമുണ്ട്.

സ്വഹീഹായ നിവേദനം ഇങ്ങിനെ:

النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: "مَنْ فَطَّرَ صَائِمًا، كُتِبَ لَهُ مِثْلُ أَجْرِهِ، إِلَّا أَنَّهُ لَا يَنْقُصُ مِنْ أَجْرِ الصَّائِمِ شَيْءٌ

(ഏതെങ്കിലും നോമ്പുകാരനെ നോമ്പു തുറപ്പിക്കുന്നവന് തത്തുല്യമായ പ്രതിപലം ലഭിക്കും നോമ്പുകാരന്റെ പ്രതിഫലത്തിന് കുറവുണ്ടാകുകയുമില്ല) ഒരു മാസം ഒന്നിലേറെ നോമ്പുനോൽക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ ഇത് പ്രാവർത്തികമാക്കുക

ഒരു കാരക്കച്ചീന്ത് പോലും നരകത്തിനും നിനക്കുമിടയിലെ മറയാണ്. മുൻഗാമികളുടെ കാലത്ത് മസ്ജിദുകൾ പാവങ്ങൾക്കും വഴിയാത്രക്കാർക്കുമുള്ള ഭക്ഷണങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു.

ആവശ്യക്കാരെ കാണുന്നില്ല എന്ന് നീ പരിഭവിക്കുന്നു. മുൻഗാമികൾക്ക് അതെങ്ങിനെ കഴിഞ്ഞുവെന്ന് നീ ചോദിക്കുന്നു. കാരണം അവർ അല്ലാഹുവിന്റെ അടുക്കലുള്ളത് ആഗ്രഹിച്ചത് കൊണ്ടാണ്. നീ അങ്ങിനെയായിരുന്നോ?

നാവിനെ സൂക്ഷിക്കുക. നിശ്ശബ്ദത പാലിക്കൽ തത്വജ്ഞാനമാണ്. കവിവാക്യം

لسانُكَ لا تَذْكُرْ بِه عَورةَ امْرِئٍ     فكلُّكَ عوراتٌ ولِلنّاسِ ألسُنُ.

(നിന്റെ നാവ് കൊണ്ട് ഒരാളുടെയും ന്യൂനത പറയരുത്. നീ മുഴുവനായിത്തന്നെ ന്യൂനതയാണ്. ജനത്തിനും നാവുകളുണ്ട്)

مَا يَلْفِظُ مِنْ قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ (ق ١٨)

(അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.)

പലിശ കൈക്കൂലി ചൂതാട്ടം പോലുള്ളതിൽ നിന്നും ആഹരിക്കാതെ റമദാനിലും അല്ലാത്തപ്പോളും വയറിന് നോമ്പായിരിക്കണം, പരദൂഷണം ഏഷണി കള്ളംപറയൽ എന്നവയിൽ നിന്നും നാവിന് നോമ്പായിരിക്കണം, നിഷിദ്ധമായത് കേൾക്കുന്നതിൽ നിന്നും ചെവിക്ക് നോമ്പായിരിക്കണം, നിഷിദ്ധത്തിലേക്ക് നോക്കുന്നതിൽ നിന്നും കണ്ണിന് നോമ്പായിരിക്കണം. ജീവിതമാസകലം അല്ലാഹു അല്ലാത്തതിനോട് മനസ്സ് ബന്ധിക്കുന്നതിൽ നിന്നും മനസ്സിന് നോമ്പായിരിക്കണം. ഇങ്ങിനെ ആകുമ്പോളാണ് ഒരാൾ യഥാർത്ഥ നോമ്പുകാരനാവുന്നതും അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുന്നതും

**അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കാനായി പത്ത് കാര്യങ്ങൾ ചെയ്തു തുടങ്ങുക**

1. അല്ലാഹുവിന്റെ കലാമിനെ സ്നേഹിക്കുക
2. തിരുദൂതരെ സ്നേഹിക്കുകയും പിൻപറ്റുകയും ചെയ്യുക
3. അല്ലാഹു നിഷിദ്ധമാക്കിയതിനോട് രോഷം പ്രകടിപ്പിക്കുക
4. അല്ലാഹുവിന്റെ കൂട്ടുകാരനാകാൻ ശ്രമിക്കുക
5. നല്ലനിലയിൽ നന്മ കൽപിക്കുക നല്ലനിലയിൽ തിന്മ വിരോധിക്കുക
6. സുകൃതരുടെ കൂടെക്കഴിയുക, അവരെ സ്നേഹിക്കുക
7. ഐച്ഛിക കർമങ്ങൾ കൊണ്ട് അല്ലാഹുവിലേക്ക് അടുക്കുക.
8. നശിക്കാനുള്ള ഇഹലോകത്തേക്കാൾ ശാശ്വതമായ പരലോകത്തിന് മുൻഗണന നൽകുക
9. നിഷ്കളങ്കമായി പശ്ചാത്തപിക്കുക, പാപങ്ങൾ ഒഴിവാക്കി അല്ലാഹുവിലേക്ക് മടങ്ങുക
10. അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം കൊതിക്കുക. إِنَّ اللَّهَ اشْتَرَى مِنَ الْمُؤْمِنِينَ أَنْفُسَهُمْ (التوبة ١١١)

(അല്ലാഹു വിശ്വാസികളുടെ ശരീരങ്ങളെ വിലക്കെടുത്തിരിക്കുന്നു)

അല്ലാഹു പറയുന്നു:

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ (**الزمر٥٣**)

(നബിയേ, പറയുക. സ്വശരീരങ്ങളോട് പരിധിവിട്ട് പ്രവർത്തിച്ച എന്റെ അടിമകളേ, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും നിരാശരാകരുതേ. അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരും. അവൻ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്)

ഈ മാസം പശ്ചാത്താപത്തിന്റെ ഉൽസവകാലമാണ്. നബി തിരുമേനി (സ) പറഞ്ഞിരിക്കുന്നു സ്വഹീഹായ നിവേദനം.

النَّبيِّ صلى الله عليه وسلم قال: إنَّ الله يبسُطُ يده بالليل ليتوبَ مسيءُ النَّهار، ويبسُطُ يده بالنَّهار ليتوب مُسيءُ الليل حتى تَطلُعُ الشمس من مغربها

(പകൽ പാപം ചെയ്തവർ പശ്ചാത്തപിക്കാനായി അല്ലാഹു രാത്രിയിൽ കൈനീട്ടിയിരിക്കുന്നു. രാത്രിയിൽ പാപം ചെയ്തവർ പശ്ചാത്തപിക്കാനായി അല്ലാഹു പകലിലിൽ കൈനീട്ടിയിരിക്കുന്നു. സൂര്യൻ പടിഞ്ഞാറ് നിന്നും ഉദിക്കുന്നത് വരേക്കും.)

فسبحانَ مَن يُعطِي ونُخطِي دائما ولَم يزَلْ مهْمـا هَفا العـبــدِ
يُعطِي الذي يُخـطِي ولا يَمنعُــه جلالُهُ عنِ العَطا لِذِي الخَطا

(നാം നിരന്തരമായി പാപം ചെയ്തുകൊണ്ടിരിക്കുമ്പോളും തന്നുകൊണ്ടിരിക്കുന്നവൻ എത്ര പരിശുദ്ധൻ. അടിമയുടെ പിഴകൾ സംഭവിച്ചു കൊണ്ടിരിക്കുമ്പോളെല്ലാം തെറ്റുചെയ്യുന്നവന് അവൻ തന്നുകൊണ്ടേയിരിക്കുന്നു. പാപിയ്ക്ക് നൽകുന്നതിൽ നിന്നും അവന്റെ പ്രതാപം അവനെ തടയുന്നില്ല)

وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنْفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَنْ يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَى مَا فَعَلُوا وَهُمْ يَعْلَمُونَ (آل عمران ١٣٥)

(വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ.)

റമദാനിൽ പാപമോചനം തേടുക. റമാദാൻ വന്നെത്തിയിട്ടും പശ്ചാത്തപിക്കാത്തവരെ ഇങ്ങിനെ ഉദാഹരിക്കാം

وَلَا تَكُونُوا كَالَّتِي نَقَضَتْ غَزْلَهَا مِنْ بَعْدِ قُوَّةٍ أَنْكَاثًا تَتَّخِذُونَ أَيْمَانَكُمْ دَخَلًا بَيْنَكُمْ أَنْ تَكُونَ أُمَّةٌ هِيَ أَرْبَى مِنْ أُمَّةٍ إِنَّمَا يَبْلُوكُمُ اللَّهُ بِهِ وَلَيُبَيِّنَنَّ لَكُمْ يَوْمَ الْقِيَامَةِ مَا كُنْتُمْ فِيهِ تَخْتَلِفُونَ (النحل ٩٢)

(നിങ്ങളുടെ അവസ്ഥ, സ്വന്തം ശ്രമത്താൽ ബലമുള്ള നൂൽ നൂൽക്കുകയും എന്നിട്ടു സ്വയം അതിനെ കഷ്ണങ്ങളായി പൊട്ടിച്ചെറിയുകയും ചെയ്ത സ്ത്രീയുടേതുപോലെയാകരുത്. ഒരു വിഭാഗം മറു വിഭാഗത്തെക്കാൾ കൂടുതൽ നേടാൻ വേണ്ടി, ശപഥങ്ങളെ നിങ്ങൾ അന്യോന്യം വഞ്ചിക്കാനുള്ള ഉപായമാക്കുന്നുണ്ട്. വാസ്തവമാകട്ടെ, ഈ ശപഥങ്ങളും പ്രതിജ്ഞകളും മുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കുകയാകുന്നു. തീർച്ചയായും ഉയിർത്തെഴുന്നേൽപുനാളിൽ അവൻ നിങ്ങളുടെ സകല തർക്കങ്ങളുടെയും സത്യാവസ്ഥ തുറന്നുകാണിച്ചുതരുന്നുണ്ട്.)

തയ്യാറാക്കിയത്: സാജിദ് നദ്‌വി ഈരാറ്റുപേട്ട